# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *93 — 30.01.2018 -ലെ മറുപടിയ്ക്ക്

### സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ

*ചോദ്യം*

ശ്രീ. എൻ. വിജയൻ പിള്ള
,, ഇ. പി. ജയരാജൻ
പ്രൊഫ. കെ. യു. അരുണൻ
ശ്രീ. എം. സ്വരാജ്

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനും പരിഹാര നിർദ്ദേശത്തിനുമായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്.<br>റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) | സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് എഞ്ചിനീയറിംഗ് മേഖലയിൽ വിദ്യാഭ്യാസം കച്ചവടത്തിനുള്ള ഒരു മാർഗ്ഗം മാത്രമായി തീർന്നിരിക്കുന്നത് പരിഹരിക്കാൻ ആവശ്യമെങ്കിൽ നിയമനിർമ്മാണം വഴി അടിയന്തര ഇടപെടൽ നടത്തുമോ; | (ബി) | സർക്കാരിന്റെ പരിഗണനയിലുള്ള ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ നിശ്ചിത അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവയാണെന്നും അക്കാദമിക നിലവാരം പുലർത്തുന്നവയാണെന്നും ഉറപ്പുവരുത്തേണ്ട കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഇക്കാര്യത്തിൽ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് വീഴ്ചകൾ ഉണ്ടായ സാഹചര്യത്തിൽ അവ പരിഹരിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി കൗൺസിൽ, അക്കാദമിക് കൗൺസിൽ, ബോഡ് ഓഫ് സ്റ്റഡീസ് മുതലായവ രൂപീകരിക്കുന്നതിനും, അതോടൊപ്പം സർവ്വകലാശാലയിലെ നിലവിലെ ഭരണ സമിതികൾ ജനാധിപത്യവത്കരിക്കാനും നിയമ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ